''ഭരണഭാഷ - മാതൃഭാഷ''

എഫ്2 / 12532 / 2021

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : 14.12.2021
ഫോൺ : 0484-2422210, 2422227
ഇ-മെയിൽ : ddeekm.dge@kerala.gov.in

## മെമ്മോ

വിഷയം :പൊതു വിദ്യാഭ്യാസം - സർക്കാർ / എയ്ഡഡ് / സ്വാശ്രയ ഡി.എൽ.എഡ് (2021-2023) അലോട്ട്മെന്റ് - അഭിമുഖം - സംബന്ധിച്ച്

സൂചന :പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08.11.2021-ലെ എം2/268033/31/ഡി.ജി.ഇ, എം2/268034/21/ഡി.ജി.ഇ വിജ്ഞാപനങ്ങൾ

. . . . . . . . . . . . .

വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഡി.എൽ.എഡ്-ന്റെ ദ്വിവത്സര കോഴ്സിലേക്കുള്ള 2021-2023 വർഷത്തെ പ്രവേശനത്തിന്റെ അഭിമുഖവും, തെരഞ്ഞെടുപ്പും 2021 ഡിസംബർ 20, 21, 22 എന്നീ തീയതികളിൽ രാവിലെ 9 മണി മുതൽ എറണാകുളം സെന്റ് തെരേസസ് ഹൈസ്കൂളിൽ (സ്കൂൾ ഓഡിറ്റോറിയം) വച്ച് നടത്തപ്പെടുകയാണ്. **അഭിമുഖത്തിന് ലഭിച്ച അറിയിപ്പും താഴെ പറയുന്നവയുടെ അസ്സൽ രേഖകളും സഹിതം താങ്കൾ നിശ്ചിത സമയത്ത് ടി സ്കൂളിൽ ഹാജരാകേണ്ടതാണ്**. 'കോവിഡ്-19' പ്രൊട്ടോകോൾ പാലിക്കേണ്ടതും, മാസ്ക്കും, കൈയ്യുറയും നിർബന്ധമായി ധരിക്കേണ്ടതും രക്ഷകർത്താവായി ഒരാൾക്ക് മാത്രം കൂടെ വരാവുന്നതുമാണ്. കൊണ്ടുവരേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദവിവരങ്ങൾ സൂചന വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുണ്ട്.

1. എസ്.എസ്.എൽ.സി ബുക്ക്
2. ഹയർ സെക്കണ്ടറി / പ്രീ-ഡിഗ്രി / തത്തുല്യമായി അംഗീകരിച്ച പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/NIOS പാസ്സായവരുടെ Equivalency Certificate
3. അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി)
4. സ്വഭാവ സർട്ടിഫിക്കറ്റ്
5. ഗവ.അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ ഫോറം 42-ൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. വിമുക്തഭടൻ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
7. ജവാന്റെ / വിമുക്തഭടന്റെ ആശ്രിതനാണെന്ന് തെളിയിക്കുന്നതിനുള്ള നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്.
8. പിന്നോക്ക വിഭാഗത്തിന് നിശ്ചിത ഫോറത്തിലുള്ള ജാതി സർട്ടിഫിക്കറ്റ്.
9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക് ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
10. ഭിന്നശേഷിക്കാരായവർ (ജി.ഒ (എം.എസ്) 31/81/ജി.എഡ്യൂ., തീയതി : 27.02.1981) പ്രകാരം സർക്കാർ നിർദ്ദേശിച്ച വൈകല്യത്തിന്റെ തീവ്രത (ശതമാനം) കാണിക്കുന്ന സർട്ടിഫിക്കറ്റ്

കൊമേഴ്സ്, ഹ്യൂമാനിറ്റീസ്, സയൻസ് എന്നീ വിഷയങ്ങൾക്ക് 180 സീറ്റുകളാണ് ഗവണ്മെന്റ് ക്വോട്ടയിലുള്ളത്. സീറ്റുകൾ പരിമിതവും യോഗ്യരായവർ ഏറെയുമുള്ള സാഹചര്യത്തിൽ അലോട്ട്മെന്റിനായി താങ്കൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള സമയത്ത് ഹാജരായിട്ടില്ലാത്ത പക്ഷം തൊട്ടടുത്തയാളെ പരിഗണിക്കുന്നതും താങ്കളുടെ അവസരം നഷ്ടപ്പെടുന്നതുമാണ്. ഇക്കാര്യത്തിൽ പുന:പരിശോധന നടത്തുന്നതല്ല. സീറ്റുകൾ പരിമിതമായതിനാൽ പി.എസ്.സി റാങ്ക്ലിസ്റ്റ് പ്രകാരമുള്ള കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞാൽ ഇന്റർവ്യൂ അവസാനിക്കുന്നതായിരിക്കും. അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളും അസ്സൽ രേഖകളും തമ്മിൽ ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം താങ്കളുടെ പ്രവേശനം റദ്ദാക്കുന്നതായിരിക്കും. അസ്സൽ രേഖകളുടെ സമർപ്പണത്തിന് മറ്റൊരവസരം നൽകുന്നതല്ല. താങ്കൾ തെരഞ്ഞെടുക്കുന്ന പക്ഷം തൽസമയം തന്നെ നിശ്ചിത ഫീസ് ഒടുക്കി അന്നേ ദിവസം തന്നെ പ്രവേശനം നേടേണ്ടതാണ്. 18.12.2021-ന് പി.എസ്.സി-യിൽ നിന്നും ലഭിക്കുന്ന റാങ്ക് ലിസ്റ്റ് ddeernakulam.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1. | കൊമേഴ്സ് | ഗവണ്മെന്റ് / എയ്ഡഡ് / അൺ-എയ്ഡഡ് | 20.12.2021<br>(9 മണി മുതൽ) |
| 2. | സയൻസ് വിഭാഗം | ഗവണ്മെന്റ് / എയ്ഡഡ് / അൺ-എയ്ഡഡ് | 21.12.2021<br>(9 മണി മുതൽ) |
| 3. | ഹ്യുമാനിറ്റീസ് | ഗവണ്മെന്റ് / എയ്ഡഡ് / അൺ-എയ്ഡഡ് | 22.12.2021<br>(9 മണി മുതൽ) |

വിശ്വസ്തതയോടെ

ഹണി.ജി.അലക്സാണ്ടർ
പെൻ - 260395
വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം

MGS/10/12/21